LIBRARY ARCHIVES Kerala Legislative Assembly

മലപ്പുറം ജില്ലയിലെ ഏറനാട് നിയോജകമണ്ഡലത്തിലെ പാറേക്കാട്, ഇടിവണ്ണ പട്ടികവർഗ്ഗ കോളനി, നിലമ്പൂർ നിയോജകമണ്ഡലത്തിലെ കൽക്കുളം, തീക്കടി കോളനി, ഉച്ചക്കുളം എന്നീ പട്ടികവർഗ്ഗ കോളനികളെ 2017-18 വർഷത്തെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിലും നിലമ്പൂർ നിയോജകമണ്ഡലത്തിലെ വലിയ ഭൂമിക്കുത്ത്-ചെറിയ ഭൂമിക്കുത്ത്, ഏറനാട് നിയോജകമണ്ഡലത്തിലെ മൈലാടി, വാളൻതോട്, വണ്ടൂർ നിയോജകമണ്ഡലത്തിലെ പുറ്റള, പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ ഇടിഞ്ഞാടി-ആറാംകുന്ന് എന്നീ പട്ടികവർഗ്ഗ കോളനികളെ 2020-21 വർഷത്തെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുടെ വികസനം

20(5467) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുടെ നവീകരണത്തിനും സമഗ്ര വികസനത്തിനും ഏതൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

പട്ടികജാതി കോളനികളുടെ നവീകരണവും സമഗ്ര വികസനവും കോർപ്പസ് ഫണ്ട് പദ്ധതി, അംബേദ്കർ ഗ്രാമ വികസന പദ്ധതി എന്നിവ മുഖേനയും പട്ടികവർഗ്ഗ കോളനികളുടേത് അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി മുഖേനയും നടപ്പിലാക്കിവരുന്നു.

(ബി) ഇതിൽ മൂവാറ്റുപുഴ നിയോജകമണ്ഡലത്തിൽ 2020-21 സാമ്പത്തികവർഷം എത്ര രൂപ അനുവദിച്ചു/ചെലവഴിച്ചു എന്ന് പദ്ധതി തിരിച്ച് വ്യക്തമാക്കാമോ?

2020-21 സാമ്പത്തിക വർഷം മൂവാറ്റുപുഴ നിയോജകമണ്ഡലത്തിൽ പ്രസ്തുത പദ്ധതികൾക്കായി തുക അനുവദിച്ചിട്ടില്ല.

പട്ടികജാതി കോളനികളിലേയ്ക്കുള്ള റോഡുകൾ

21(5468) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കോളനികളിലേയ്ക്കുള്ള റോഡുകൾ നന്നാക്കുന്നതിന് പ്രത്യേക പദ്ധതി നിലവിലുണ്ടോ; വിശദമാക്കാമോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ ഗുണഭോക്താക്കളായ റോഡുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന SCSP ഫണ്ട്, വകുപ്പിന്റെ കോർപ്പസ് ഫണ്ട് എന്നിവ